**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 724** **08-10-2024 - ൽ മറുപടിയ്ക്ക്**

**മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ഉബൈദുള്ള** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം മണ്ഡലത്തിലെ വിവിധ സബ്സ്റ്റേഷനുകളുടെ നിർമ്മാണ പുരോഗതികളും വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ; | (എ) | മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ. പ്രസരണ വിഭാഗത്തിൽ 33 കെ.വി. ഇൻകെൽ (ഊരകം) സബ്സ്റ്റേഷന്റെ നിർമ്മാണം നടന്നുവരികയാണ്.<br><br>കൂടാതെ മലപ്പുറം സിവിൽ സ്റ്റേഷന്റെ പരിസരത്ത് ഒരു 33 കെ.വി സബ്സ്റ്റേഷന്റെ നിർമ്മാണം ബോർഡിന്റെ പരിഗണനയിലാണ്. റവന്യൂ വകുപ്പിൽ നിന്നും സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് ലഭ്യമാകുന്ന മുറക്ക് പദ്ധതി ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>മലപ്പുറം മുണ്ടുപറമ്പ് കെ.എസ്.ഇ.ബി കോമ്പൗണ്ടിൽ നിലവിലെ മലപ്പുറം 110 കെ.വി സബ്സ്റ്റേഷൻ, ഗ്യാസ് ഇൻസുലേറ്റഡ് സബ്സ്റ്റേഷൻ ആക്കി മാറ്റുന്നതിന്റെ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രവൃത്തി പൂർത്തിയാക്കുന്നതോടെ സബ്സ്റ്റേഷനിൽ നിന്നും വിതരണ വിഭാഗത്തിലേക്ക് പുതിയ 11 കെ.വി. ഫീഡറുകൾ ലഭ്യമാകുന്നതാണ്. |
| (ബി) | പാണക്കാട് യു.പി. സ്കൂൾ പരിസരം, പൂൽപ്പറ്റ പഞ്ചായത്തിലെ കല്ലച്ചാൽ, ശാന്തിപടി, കാഞ്ഞീരം കോഡൂർ പഞ്ചായത്തിലെ നൂറാടി പമ്പ് ഹൗസ് ഉൾപ്പെടെ വിവിധ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; പുരോഗതികൾ വിശദീകരിക്കാമോ; | (ബി) | **1.പാണക്കാട് യു.പി.സ്കൂൾ പരിസരം**<br><br>500 മീറ്റർ എച്ച്.ടി. - എ.ബി.സി. ലൈൻ വലിക്കുകയും 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുകയും ചെയ്യുന്ന പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്.<br><br>**2. കാഞ്ഞിരത്തറ കല്ലച്ചാൽ ഭാഗം**<br><br>കല്ലച്ചാൽ ഭാഗങ്ങളിൽ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുന്ന പ്രവൃത്തി ദ്യുതി 2024-25 വർഷത്തിൽ ഉൾപ്പെടുത്തി, ട്രാൻസ്ഫോർമർ സ്ഥാപിക്കാതെ തന്നെ വോൾട്ടേജ് പ്രശ്നം പരിഹരിച്ചിട്ടുണ്ട്. ഇവിടെ ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ട ആവശ്യം നിലവിലില്ല. |

| | | | |
|---|---|---|---|
| | | | **3. ശാന്തിപ്പടി**<br><br>വോൾട്ടേജ് പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി ആദ്യ ഘട്ടമായി സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകളാക്കി മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രദേശത്ത് 8 കി.മീ. എച്ച്.ടി. എ.ബി.സി. ലൈൻ വലിച്ച് ഒരു 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**4. കോഡൂർ പഞ്ചായത്തിലെ നൂറാടി പമ്പ് ഹൗസ്**<br><br>100 കെ.വി.എ. ട്രാൻസ്ഫോർമർ ശേഷി ഉയർത്തി 160 കെ.വി.എ. ആക്കി മാറ്റുന്നതിനുള്ള പ്രവൃത്തി മലപ്പുറം പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മലപ്പുറം നഗരസഭയിലെ പൈത്തിനിപറമ്പ് കുറേക്കുഴി, മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക്-വട്ടപ്പൊലി റോഡ്, കോഡൂർ പഞ്ചായത്തിലെ ചട്ടിപ്പറമ്പ്, നെല്ലോളിപറമ്പ്, ചാഞ്ഞാൽ ചെനക്കൽപറമ്പ് എന്നിവിടങ്ങളിൽ വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കൽ, ത്രീ ഫേസ് ലൈൻ സ്ഥാപിക്കൽ എന്നിവ സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (സി) | **1. മലപ്പുറം നഗരസഭയിലെ പൈത്തിനിപ്പറമ്പ് - കുറേക്കുഴി ഭാഗം**<br><br>ലൈൻ വലിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ച് നഗരസഭയ്ക്ക് വിനിയോഗ സർട്ടിഫിക്കറ്റ് (utility certificate) സമർപ്പിച്ചിട്ടുണ്ട്.<br><br>**2. മൊറയൂർ പഞ്ചായത്തിലെ കള്ളാടിമുക്ക് - വട്ടപ്പൊലി ഭാഗം**<br><br>വട്ടപ്പൊലി ഭാഗത്തെ LT ലൈനുകൾ എ.ബി. കേബിൾ ആക്കിമാറ്റുന്ന പ്രവൃത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**3. കോഡൂർ പഞ്ചായത്തിലെ ചട്ടിപ്പറമ്പ് നെല്ലോളിപ്പറമ്പ് ഭാഗം**<br><br>കോഡൂർ പഞ്ചായത്തിലെ ചട്ടിപ്പറമ്പ് നെല്ലോളിപ്പറമ്പ് ഭാഗത്തെ LT എ.ബി.സി. ഉപയോഗിച്ച് 3 കി.മീ. റീകണ്ടക്ടറിങ് ചെയ്യുന്ന പ്രവൃത്തി RDSS പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**4. ചാഞ്ഞാൽ ചെനക്കൽപ്പറമ്പ് ഭാഗത്ത്**<br><br>ലൈൻ കൺവെർഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ